പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ:2706

14.12.15 ൽ മറുപടിയ്ക്ക്

## പമ്പയിലെ കോളിഫോം ബാക്ടീരിയ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | പമ്പയിലെ വർദ്ധിച്ച അളവിലുള്ള കോളിഫോം ബാക്ടീരിയ സംബന്ധിച്ച് മലനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | സന്നിധാനത്ത് നിറഞ്ഞ് ഒഴുകിയുരുന്ന സെപ്റ്റിക്ക് ടാങ്കുകളിൽ നിന്ന് മാലിന്യം പുതിയ STP യിലേയ്ക്ക് പമ്പ് ചെയ്ത് മാറ്റാൻ നിർദ്ദേശിച്ചു കൊണ്ട് കുടിവെള്ള സ്രോതസ്സിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കോളിഫോം ബാക്ടീരിയയുടെ അളവ് വീണ്ടും കുറയ്ക്കുവാനുള്ള നടപടികൾ (delay pits സ്ഥാപിക്കാൻ) നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | സന്നിധാനത്തുനിന്നും കക്കൂസ് മാലിന്യങ്ങൾ ഒഴുകി പമ്പയിലെത്തുന്നതിന്റെ ദൃശ്യങ്ങൾ വാർത്താ ചാനലുകൾ പുറത്ത് വിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | തിരക്ക് വർദ്ധിക്കുന്നതോടെ പമ്പാ നദിയിലും അനുബന്ധ ജലാശയങ്ങളിലും കോളിഫോം ബാക്ടീരിയയുടെ അളവ് ഗണ്യമായി വർദ്ധിക്കാനിടയാകും എന്നത് വിലയിരുത്തിയിട്ടുണ്ടോ ; | (സി) | ഉണ്ട്, ആയതിനാൽ എത്രയും വേഗം എല്ലാ മലിനജല ചാനലുകളും സന്നിധാനത്തെ STP യിലെത്തിച്ച് പൂർണ്ണമായി പ്രവർത്തന ക്ഷമമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | കുട്ടനാട് അടക്കമുള്ള കാർഷിക മേഖലകളിലേക്ക് പമ്പ വഴി മലിനജലം എത്തുകയും അവിടങ്ങളിലെ ജനങ്ങളുടെ ആരോഗ്യത്തെ ഇത് ബാധിക്കുകയും ചെയ്യും എന്നത് ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പമ്പ നദി വഴി മലിനജലം കാർഷിക മേഖലയിലേയ്ക്ക് എത്താനിടയായാൽ പൊതുജനാരോഗ്യത്തെ അത് ദോഷകരമായി ബാധിക്കും എന്നത് ഗൗരവമായി കാണുന്നു. നിലവിൽ പമ്പയിൽ നിന്നും ഒഴുകിയെത്തുന്ന മാലിന്യം കുട്ടനാട് മേഖലയിൽ എത്തിച്ചേരുന്നതിന് മുമ്പ് തന്നെ അതിന്റെ തീവ്രത സാധാരണ നിലയിലേയ്ക്ക് ആകുന്നതായാണ് നിരീക്ഷണങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. |

സെക്ഷൻ ഓഫീസർ